# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4380 04.02.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികമാറ്റം മുഖേനയുള്ള നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് ഇപ്പോൾ ഏതൊക്കെ വിഭാഗത്തെയാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ ; പ്രസ്തുത വിഭാഗക്കാർക്ക് ഇപ്പോൾ എത്ര ശതമാനം സംവരണം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക നികത്തേണ്ടത് യോഗ്യരായ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴിയാണ്. യോഗ്യരായ ജൂനിയർ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകർ ലഭ്യമല്ലെങ്കിൽ, യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ നിന്നും അവരുടെ അഭാവത്തിൽ യോഗ്യരായ അപ്പർ പ്രൈമറി, ലോവർ പ്രൈമറി അദ്ധ്യാപകരിൽനിന്നും 1:3 അനുപാതത്തിൽ യഥാക്രമം തസ്തികമാറ്റം വഴിയും നേരിട്ടുള്ള നിയമനം വഴിയുമാണ് ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് നിയമനം നടത്തേണ്ടത്. അതുപോലെ, 2001-ലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ 25% HSST (Jr) തസ്തിക നികത്തേണ്ടത് യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ നിന്നോ അവരുടെ അഭാവത്തിൽ യോഗ്യരായ UP/LP അദ്ധ്യാപകരിൽ നിന്നുമാണ്. അവശേഷിക്കുന്ന 75%നേരിട്ടുള്ള നിയമനത്തിൽ കൂടിയാണ് നികത്തുന്നത്. 25% ക്വോട്ടയിൽ |

യോഗ്യരായ HSA/UPSA/LPSA-മാരില്ലെങ്കിൽ അതും നേരിട്ടുള്ള നിയമനം വഴി നികത്തണമെന്ന് മേപ്പടി റൂളിൽ നിഷ്കർഷിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിന് യോഗ്യരായ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരെ പരിഗണിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ പരിഗണിക്കുമോ? | (ബി) | ഇല്ല.<br>ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ആഫീസർ